"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടിക വർഗ്ഗ വികസന വകുപ്പ് - പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെയും ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള സംസ്ഥാനതല കായിക മേളയായ കളിക്കളം, 2024 ന് അധിക തുക ചെലവഴിച്ചത് - സാധൂകരണം നല്കി ഉത്തരവാകുന്നു.

---

**പട്ടികജാതി പട്ടിക വർഗ്ഗ വികസന(പി.എം) വകുപ്പ്**

സ.ഉ.(സാധാ) നം.311/2026/SCSTD തീയതി,തിരുവനന്തപുരം, 10-03-2026

---

പരാമർശം:-

1. സ.ഉ.(സാധ)നം. 476/2024/SCSTD തീയതി: 01-07-2024.
2. 1.3.2025,9.3.2025, 6.10.2025, 7.1.2026 എന്നീ തീയതികളിലെ പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ STDD/1503/ 2024-D3 നമ്പർ കത്തുകൾ .

**ഉത്തരവ്**

പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെയും ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള സംസ്ഥാനതല കായിക മേളയായ കളിക്കളം, 2024 ന്റെ വിജയകരമായ നടത്തിപ്പിനായി പരാമർശം (1 )പ്രകാരം അനുവദിച്ച 50,00,000/- രൂപയ്ക്ക് അധികമായി 9,72,020/- രൂപ കൂടി ചെലവഴിച്ച നടപടിയ്ക്ക് സാധൂകരണം നൽകണമെന്ന് പട്ടിക വർഗ വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു.

പട്ടികവർഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് ലഭ്യമാക്കുന്ന താമസ സൗകര്യത്തിലും അവർക്ക് വിതരണം ചെയ്യുന്ന ഭക്ഷണത്തിലും മറ്റ് ക്രമീകരണങ്ങളിലും ഒരുതരത്തിലുള്ള കുറവും വരാതെ ശ്രദ്ധിച്ച സാഹചര്യത്തിലാണ് ,കളിക്കളം 2024-ന്റെ വിജയകരമായ നടത്തിപ്പിനായി ഭരണാനുമതി തുകയേക്കാൾ അധികമായി 9,72,020/- രൂപ ചെലവഴിച്ചതെന്നും പ്രസ്തുത നടപടിയ്ക്ക് സാധൂകരണം നൽകണമെന്നും മേലിൽ ഇത്തരം സാഹചര്യങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ തുക ചെലവഴിക്കില്ല എന്നും ഡയറക്ടർ ചെലവു വിവരങ്ങൾ സഹിതം അഭ്യർത്ഥിച്ചിരുന്നു.

മേൽ വിഷയം സർക്കാർ പരിശോധിച്ചു .**കളിക്കളം, 2024-ന്റെ വിജയകരമായ നടത്തിപ്പിനായി സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ, ഭരണാനുമതി നൽകിയ തുകയേക്കാൾ അധികമായി 9,72,020/- രൂപ (ഒമ്പത് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി ഇരുപത് രൂപ മാത്രം) ചെലവഴിച്ച നടപടിയ്ക്ക്** , ഭാവിയിൽ ഇത്തരം സാഹചര്യങ്ങളിൽ കൃത്യമായ എസ്റ്റിമേറ്റ് നൽകി സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങണം എന്ന കർശന നിർദ്ദേശം നൽകിക്കൊണ്ട്,

**സാധൂകരണം നൽകി ഉത്തരവാകുന്നു.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ.പി.എസ്
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, പട്ടികവർഗ വികസന വകുപ്പ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സാമൂഹിക & റവന്യൂ മേഖല), കേരളം, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സാമ്പത്തിക & റവന്യൂ മേഖല), കേരളം, തിരുവനന്തപുരം
4. ചീഫ്, വികേന്ദ്രീകൃത ആസൂത്രണ വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
5. ധനകാര്യ (WW) വകുപ്പ്.
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, I&PRD, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Abhilash Kumar V S
സെക്ഷൻ ഓഫീസർ
Date: 10-03-2026 15:44:40